## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3154 — 07.02.2018 ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിൽ ഡിജിറ്റലൈസേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) റവന്യൂ വകുപ്പിൽ ഡിജിറ്റലൈസേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സേവനങ്ങളാണ് ഇത് വഴി ലക്ഷ്യമിടുന്നത്; | (എ) സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഭൂമി സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവത്കരണം, മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വേ സെറ്റിൽമെന്റ് രേഖകളുടെ നാളതീകരണം, രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണം, കമ്പ്യൂട്ടർ ശൃംഖലയിലൂടെ റവന്യൂ-സർവ്വേ രജിസ്ട്രേഷൻ വകുപ്പുകളുടെ ഏകോപനം തുടങ്ങിയവയാണ് ഭൂരേഖാ കമ്പ്യൂട്ടർവത്കരണ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും, ഭൂഉടമകളിൽ നിന്നും നികുതി സ്വീകരിക്കുകയും ചെയ്യുക എന്നിവയാണ് പ്രധാനമായും ഇതിലൂടെ ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| **(ബി)** | സംസ്ഥാനത്തെ മുഴുവൻ വില്ലേജാഫീസുകളിലും ഡിജിറ്റലൈസേഷൻ നടപടികൾ ഏത് തീയതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | **(ബി) & (സി)** | സംസ്ഥാനത്തെ 1440 വില്ലേജുകളിലെ അടിസ്ഥാന റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ ആക്കിയിട്ടുണ്ട്. ഭൂസംബന്ധമായ ടെക്സ്ച്വൽ ഡാറ്റ (Textual Data) വിവരങ്ങൾ റവന്യൂ വകുപ്പ് മുഖാന്തിരവും സ്പാഷ്യൽ ഡാറ്റ (Spatial Data) വിവരങ്ങൾ സർവ്വേ വകുപ്പുമാണ് ഡിജിറ്റൈസ് ചെയ്തു വരുന്നത്. സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലേയും ഭൂവിവരങ്ങൾ ഫണ്ട് ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| **(സി)** | സംസ്ഥാനത്തെ ഭൂമി സംബന്ധമായ എല്ലാ വിവരങ്ങളും ഡിജിറ്റലൈസേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഇത്തരത്തിൽ രേഖകൾ ഡിജിറ്റലൈസേഷൻ നടത്തുന്ന നടപടികൾ നാളിതുവരെ പൂർത്തിയാക്കാൻ കഴിയാത്തതെന്തു കൊണ്ട്; ഇത് ത്വരിതപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ